**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1215** **01-02-2024 - ൽ മറുപടിയ്ക്ക്**

**ഷൊർണ്ണൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഷൊർണ്ണൂർ മണ്ഡലത്തിൽ നടന്നുവരുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ പ്രവർത്തന പുരോഗതി എന്തെന്നും വിശദമാക്കാമോ? | (എ) | **കെ.ആർ എഫ്.ബി. (പി.എം.യു.)**<br><br>ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടുകൂടി കെ ആർ എഫ് ബി - പി എം യു മുഖേന നടന്നു വരുന്ന പ്രവർത്തികൾ ചുവടെ ചേർക്കുന്നു.<br><br>**1) പത്തംകുളം വാണിയംകുളം റോഡിന്** 01/11/2016 തീയതിയിലെ GO(Rt)No.1502/2016/PWD ഉത്തരവ് പ്രകാരം 10 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതിയും 16.03.2018 തീയതിയിലെ ഓർഡർ നമ്പർ APR-01/310/2018/KIIFB പ്രകാരം 20.56 കോടി രൂപയുടെ സാമ്പത്തികാനുമതിയും 20.56 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. 16/10/2018 തീയതിയിലെ എഗ്രിമെന്റ് നമ്പർ 46/PWD006-16/PD/PMU-KRFB/2018-19 പ്രകാരം M/s Deens Constructions എന്ന കരാർ കമ്പനിയുമായി കരാർ ഒപ്പുവച്ച് പ്രവൃത്തി ആരംഭിച്ചിരുന്നു. ടി പ്രവൃത്തി നിലവിൽ 89% പൂർത്തീകരിച്ചിട്ടുണ്ട്. കരാറുകാരനിൽ നിന്നും വർക്ക് ഫോർ ക്ലോസ് ചെയ്യാനുള്ള അഭ്യർത്ഥന ലഭിച്ചിട്ടുണ്ട്. JJM പൈപ്പ് ഇടുന്ന പ്രവർത്തിക്ക് കാലതാമസം നേരിട്ടതിനാലാണ് കരാറുകാരൻ ടി അപേക്ഷ നൽകിയത്. ആയതിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ JJM പ്രവർത്തിയുടെ ഭാഗമായി പൈപ്പ് ഇടൽ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ചില ഭാഗങ്ങളിൽ റെസ്റ്റോറേഷൻ പ്രവർത്തികൾ പൂർത്തീകരിക്കാൻ ബാക്കിയുണ്ട്. പ്രസ്തുത പ്രവർത്തിയുടെ ബാലൻസ് ഷെഡ്യൂൾ തയ്യാറാക്കി സാങ്കേതിക അനുമതി നൽകി ബാലൻസ് വർക്ക് ടെണ്ടർ ചെയ്യുന്നതാണ്.<br><br>**2) ചെർപ്പുളശ്ശേരി നഗരവികസന പദ്ധതിക്ക്** 10/07/2017 തീയതിയിലെ GO(Rt)No.942/ |

2017/PWD ഉത്തരവ് പ്രകാരം 30 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതിയും 26/02/2021 തീയതിയിലെ ഓർഡർ നമ്പർ PWD016-47/APR-5/2021/KIIFB പ്രകാരം 39.02 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. 37.97 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി 10/07/2023 തീയതിയിലെ എഗ്രിമെന്റ് നമ്പർ 14/PWD016-47-01/PD/PMU-KRFB/2023-24 പ്രകാരം M/s. Uralungal Labour Contract Co-operative Society എന്ന കരാർ കമ്പനിയുമായി കരാർ ഒപ്പവച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ടി പ്രവൃത്തി നിലവിൽ 15% പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തിയിലെ മരങ്ങളുടെ നാലാമത്തെ ലേലം ജനുവരി മാസം 22 തീയതി MSTC മുഖേന നടത്തിയിട്ടുണ്ട്. KWA യൂട്ടിലിറ്റി ഷിഫ്റ്റിംഗ് ഫണ്ട് കിഫ്ബിയിൽനിന്ന് ഇതുവരെയും ലഭ്യമായിട്ടില്ല അമൃത് പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി സമർപ്പിച്ച തുകയുടെ കാര്യത്തിൽ ഒരു തീരുമാനം ആക്കുന്നതിനു വേണ്ടി സി.ഇ.ഒ കിഫ്ബിയുടെ നിർദ്ദേശപ്രകാരം വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർക്ക് കെ. ഡബ്ല്യൂ. എ എക്സിക്യൂട്ടീവ് എഞ്ചിനീയർ കത്ത് സമർപ്പിച്ചിട്ടുണ്ട്. അയ്യപ്പൻ കാവ് ഭാഗത്ത് ലാൻഡ് അക്വിസിഷനോടുകൂടി ഫേസ് രണ്ടിൽ ഉൾപ്പെടുത്തി നാലുവരി പാതയുടെ ഡി. പി. ആർ സമർപ്പിക്കുന്നതിനായി അലൈൻമെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. അത് ജനപ്രതിനിധികളുമായി ആലോചിച്ച് അന്തിമമാക്കുന്നതാണ്.

**3) ഒറ്റപ്പാലം ചെറുപ്പളശ്ശേരി റോഡ് 0 മുതൽ 11 വരെ -** ടി റോഡിന് 20/08/2016 തീയതിയിലെ GO(Rt)No.1192/2016/PWD ഉത്തരവ് പ്രകാരം 10 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതിയും 12/02/2020 തീയതിയിലെ ഓർഡർ നമ്പർ PWD004-01/PE-19-PAD/2023/ KIIFB പ്രകാരം 62.43 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. നിലവിലുള്ള റോഡിൻറെ ഉപരിതലത്തിന്റെ ഉറപ്പ് കണക്കാക്കുന്നതിനായി കിഫ്ബിയിൽ നിന്ന് നടത്തിയ FWD ടെസ്റ്റിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ച് ഫീൽഡ് ഉദ്യോഗസ്ഥരും KIIFB-TRC വിങ്ങുമായി 24/01/2024-ൽ കൂടിയ മീറ്റിങ്ങിൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണ്. അതിൽ പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്.

**4) ഒറ്റപ്പാലം പെരിന്തൽമണ്ണ റോഡ് 11/000 മുതൽ 16/850 വരെ** - ടി റോഡിന് 20/08/2016 തീയതിയിലെ GO(Rt)No.1192/2016/PWD ഉത്തരവ് പ്രകാരം 10 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതിയും 26/05/2018 തീയതിയിലെ ഓർഡർ നമ്പർ PWD004-142-PA-01 പ്രകാരം 28.33 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. 13/10/2020 തീയതിയിലെ എഗ്രിമെന്റ് നമ്പർ 17/PWD004-142/PD/PMU-KRFB/2020-21 പ്രകാരം Sri. Abdul Rahiman എന്ന കരാറുകാരനുമായി കരാർ ഒപ്പുവച്ച് പ്രവൃത്തി ആരംഭിച്ചിരുന്നു. പ്രവൃത്തി 90% പൂർത്തീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ JJM പ്രവർത്തിയുമായി ബന്ധപ്പെട്ട് റോഡിന് ഇരുവശവും പൈപ്പിടുന്നതിൽ വന്ന കാലതാമസം പരിഗണിച്ച് 05/05/2023 തീയതിയിലെ PDKRFB-PLKD/2/2022-AE3 ഉത്തരവ് പ്രകാരം കരാറുകാരനെ ടി പ്രവർത്തിയിൽ നിന്നും ഒഴിവാക്കിയിരുന്നു. ഫെബ്രുവരി അവസാനത്തോടു കൂടി JJM പൈപ്പ് ലൈനുകൾ സ്ഥാപിച്ച് റെസ്റ്റോറേഷൻ നടത്തി റോഡ് തിരികെ നൽകാമെന്ന് KWA അറിയിച്ചിട്ടുണ്ട്. അതിനുശേഷം പ്രസ്തുത റോഡിൻറെ ബാലൻസ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി നൽകി ബാലൻസ് വർക്കിന്റെ ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്.

**5) ശ്രീകൃഷ്ണപുരം മുറിയങ്കണ്ണി റോഡ് 0/000 മുതൽ 7/700 വരെ** - ടി റോഡിന് 20/08/2016 തീയതിയിലെ GO(Rt)No.1192/2016/PWD ഉത്തരവ് പ്രകാരം 10 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതിയും 29/11/2018 തീയതിയിലെ ഓർഡർ നമ്പർ PWD004-143-PA-01 പ്രകാരം 45.53 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. 29/12/2021 തീയതിയിലെ എഗ്രിമെന്റ് നമ്പർ 09/PWD004-143/PD/PMU-KRFB/2021-22 പ്രകാരം M/s PMR Construction Company എന്ന കരാർ കമ്പനിയുമായി കരാർ ഒപ്പുവച്ച് പ്രവൃത്തി ആരംഭിച്ചിരുന്നു. ടിപ്രവൃത്തി നിലവിൽ 80% പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തിയുടെ (DBM) ടാറിങ് പ്രവർത്തികൾ പുരോഗമിച്ച് വരുന്നു.

**<u>ചീഫ് എൻജിനീയർ (നിരത്ത് പരിപാലനം)</u>**

പൊതുമരാമത്ത് വകുപ്പ് നിരത്ത് പരിപാലന വിഭാഗത്തിനു കീഴിൽ ഷൊർണ്ണൂർ കവളപ്പാറ റോഡിന്റെ (കി.മീ 0/000 – 4/760) പരിപാലനവുമായി ബന്ധപ്പെട്ട് 30.48 ലക്ഷം രൂപയുടെ റണ്ണിംഗ്

കോൺട്രാക്ട് ക്ലസ്റ്റർ - 1 പ്രവൃത്തി നടന്നു വരുന്നുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ സൈറ്റ് കരാറുകാരന് കൈമാറിയിട്ടുള്ളതും പ്രീമൺസൂൺ പ്രവൃത്തികൾ ഉടനെ ആരംഭിക്കുന്നതുമാണ്.

**<u>ഡിസൈൻ</u>**

ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ നടന്നുവരുന്ന നിർദ്ദിഷ്ട കുറ്റിപ്പുറം-തൃത്താല-പട്ടാമ്പി-ഷൊർണ്ണൂർ റോഡിന്റെ രണ്ടാംഘട്ടമായ പട്ടാമ്പി-ഷൊർണ്ണൂർ നിർദ്ദിഷ്ട പാതയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളായ ടോപ്പോഗ്രാഫിക്കൽ സർവ്വേ, ട്രാഫിക് സർവ്വേ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും ഡി.പി.ആർ തയ്യാറാക്കലും പുരോഗമിച്ചു വരുന്നു.

**<u>നിരത്തുകൾ</u>**

1 എസ്. എം.പി പൊതുവാൾ ജംഗ്ഷൻ റോഡ് കി.മീ 0/000-7/000 കൊച്ചിൻ പാലം റെയിൽവേ സ്റ്റേഷൻ റോഡ് കി.മീ. 0/00-1/400 വരെയുള്ള ഭാഗം പുനരുദ്ധാരണ പ്രവൃത്തികൾ- 50% പൂർത്തീകരിച്ചു. പ്രവൃത്തി പൂർണ്ണമായും പൂർത്തീകരിക്കുന്നതിൽ കരാറുകാരൻ കാലതാമസം വരുത്തുന്നതിനാൽ കരാറുകാരനെ പ്രവൃത്തിയിൽ നിന്നും ടെർമിനേഷൻ ചെയ്യുന്ന നടപടികൾ പുരോഗമിക്കുന്നു.

2. ഷൊർണ്ണൂർ പെരിന്തൽമണ്ണ റോഡ് കി.മീ. 0/500 മുതൽ 4/800 വരെ ബി.എം & ബി.സി ചെയ്യുന്ന പ്രവൃത്തികൾ- പ്രവൃത്തി 80% പൂർത്തീകരിച്ചു.. പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്.

3 ആർ എം 2022-23/ക്ലസ്റ്റർ-II/ഒരു വർഷത്തെ ആൽ.സി/ഒറ്റപ്പാലം/പാലക്കാട്- ആർ.എം.2022-23 സോൺ-1-പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം റോഡ് സെക്ഷനു കീഴിൽ വരുന്ന 7 റോഡുകളുടെ (32.381 കി.മീ) റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികൾ-പ്രവൃത്തി 20% പൂർത്തീകരിച്ചു. തുടർ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

4. ആർ.എം. 2022-23/ക്ലസ്റ്റർ-II/ഒരു വർഷത്തെ ആർ.സി/ഒറ്റപ്പാലം/പാലക്കാട്- ആർ.എം 2022-23 സോൺ 1 പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ റോഡ് സെക്ഷനു കീഴിൽ വരുന്ന 11 റോഡുകളുടെ (59.285 കി.മീ) റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികൾ- പ്രവൃത്തി 60% പൂർത്തീകരിച്ചു. തുടർ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

| | | | |
|---|---|---|---|
| | | | 5. ഷൊർണ്ണൂർ മണ്ഡലത്തിലെ വാണിയംകുളം മാന്നന്നൂർ റയിൽവേസ്റ്റഷൻ റോഡ് കിമീ. 0/000-1/300 വരെയുള്ള ഭാഗം പുന:സ്ഥാപിക്കുന്ന പ്രവൃത്തികൾ -പ്രവൃത്തി 60% പൂർത്തീകരിച്ചു. തുടർ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.<br><br>6 ഷൊർണ്ണൂർ മണ്ഡലത്തിലെ വാണിയംകുളം മാന്നന്നൂർ റയിൽവേസ്റ്റഷൻ റോഡ് കിമീ. 1/300-4/500 വരെയുള്ള ഭാഗം പുനസ്ഥാപിക്കുന്ന പ്രവൃത്തികൾ -പ്രവൃത്തി 95% പൂർത്തീകരിച്ചു. തുടർ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.<br><br>7 SLTF--2020-21 വാണിയംകുളം മാന്നന്നൂർ റയിൽവേസ്റ്റഷൻ റോഡ് കിമീ. 1/-300-4/500 വരെയുള്ള ഭാഗം ആർ.പി ചെയ്യുന്ന പ്രവൃത്തികൾ-JJM restoration പ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷം മാത്രമേ ആരംഭിക്കുവാൻ സാധിക്കുകയുള്ളു.<br><br>**<u>കെട്ടിട വിഭാഗം</u>**<br><br>ഷൊർണ്ണൂർ മണ്ഡലത്തിൽ നടന്നുവരുന്ന പൊതുമരാമത്ത് പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

| പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം പാലക്കാട്- പ്രവൃത്തികളുടെ പുരോഗതി | | | | | |
|---|---|---|---|---|---|
| നം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി | സാങ്കേതികാനുമതി | കരാർ | റിമാർക്സ് |
| 1 | ഷൊർണ്ണൂർ ഐ.പി.ടി ആന്റ് ജി.പി.ടി കോളേജിൽ കമ്പ്യൂട്ടർ ബ്ലോക്ക് കെട്ടിട നിർമ്മാണം | ജി.ഒ. (ആർടി) നമ്പർ 821/2021/H.Edn. തീയ്യതി 21/06/2021 Rs.555.80 ലക്ഷം | Pwd/bldg/Est/8706/2022 തീയ്യതി 29/08/2022 Rs.55579680/- | എസ്.ഇ.(കെ) 43/2022-23 തീയ്യതി 11-11-2022 | സെക്കൻഡ് ഫ്ലോർ റൂഫ് സ്ലാബ് സെൻററിംഗ് ഷട്ടറിംഗ് പ്രവൃത്തി പുരോഗമിക്കുന്നു |
| 2 | ഷൊർണ്ണൂർ ഐ.പി.ടി ആന്റ് ജി.പി.ടി കോളേജിൽ എൻ.സി. സി 28 ബറ്റാലിയൻ ഓഫീസ് കെട്ടിട നിർമ്മാണം | ജി.ഒ. (ആർടി) നമ്പർ 1465/2021/ H.Edn. തീയ്യതി 02/11/21 Rs.221. ലക്ഷം | 13825/2022-23 തീയ്യതി 30-11-2022 Rs.221. ലക്ഷം | എസ്.ഇ.(കെ) 71/2022-23 തീയ്യതി 25.01.2023 | പ്ലിന്ത് ബീം കോൺക്രീറ്റ് പ്രവർത്തി നടന്നുകൊണ്ടിരിക്കുന്നു |
| 3 | ഷൊർണ്ണൂർ ഐ.പി.ടി ആന്റ് ജി.പി.ടി കോളേജിൽ ഐ.പി.ടി ആന്റ് ജി.പി.ടി കോളേജിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കെട്ടിട നിർമ്മാണം | ജി.ഒ. (ആർടി) നമ്പർ 683/2022 H.Edn. തീയ്യതി 12/05/2022 Rs.227. ലക്ഷം | 19387/2022-23 തീയ്യതി 17.03.2023 Rs.226.97320. ലക്ഷം | എസ്.ഇ.(കെ) 62/2023-24 തീയ്യതി 21.10.2023 | കരാർ നടപടികൾ പൂർത്തികരിച്ചു. സൈറ്റ് ക്ലിയറിംഗ് പൂർത്തീകരിച്ചു |
| 4 | ചെർപ്പുളശ്ശേരി ജില്ലാ ട്രഷറി കെട്ടിട നിർമ്മാണം | ജി.ഒ. (ആർടി) നമ്പർ 563/2021/PWD തീയ്യതി:15/06/2021 for Rs.212.00 ലക്ഷം | 9294/2021-22 തീയ്യതി:11-11-2021 for Rs.212.00 ലക്ഷം | എസ്.ഇ.(കെ) 60/2021-22 തീയ്യതി 04/01/2022 | ഫസ്റ്റ് ഫ്ലോർ റൂഫ് സ്ലാബ് കേൺക്രീറ്റ് പൂർത്തീകരിച്ചു.ഫസ്റ്റ് ഫ്ലാറിന്റെ സോളിഡ് ബ്ലോക്ക് പ്രവൃത്തികൾ താഴത്തെ നിലയുടെ പ്ലാസറ്ററിങ് പ്രവർത്തി പുരോഗമിക്കുന്നു. |
| 5 | ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സ് ഓഫീസ് കെട്ടിടത്തിന്റെ മെയിന്റനൻസ് പ്രവൃത്തി | ജി.ഒ. (ആർടി) നമ്പർ 80/2022/SPDതീയ്യതി: 16.11.2022 for Rs.60 ലക്ഷം | 15943/2022-23 തീയ്യതി 13.01.2023 for Rs.60 ലക്ഷം | ഇ.ഇ/പി.ബി/30/2022-23 തീയ്യതി 25.02.2023 | ഫ്ലോറിഗ് പ്രവൃത്തി പുരോഗമിക്കുന്നു. |
| 6 | ഇൻഡസ്ട്രിയൽ ഡിപ്പാർട്ട്മെന്റ് ഷൊർണ്ണൂർ ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് പാർക്ക് എസ്റ്റേറ്റ് ഓഫിസറുടെ ഓഫിസ് കെട്ടിടനിർമ്മാണം | ഡി.ഐ.സി /14364/2018-IDI തീയ്യതി 30.01.2023 Rs.27 ലക്ഷം | 15933/2022-23 തീയ്യതി 13.01.2023 for Rs.4.93 ലക്ഷം | ഇ.ഇ/പി.ബി/31/2022-23 തീയ്യതി 28.02.2023 | ഫസ്റ്റ് ഫ്ലോർ റൂഫ് സ്ലാബ് കോൺക്രീറ്റ് പൂർത്തികരിച്ച ഫിനിഷിംഗ് പ്രവൃത്തികൾ പുരോഗമിക്കിന്നു |
| 7 | ഷൊർണ്ണൂർ ടെക്നിക്കൽ ഹൈ സ്കൂളിൽ ആൺ കുട്ടികളുടെ ടോയിലറ്റ് ബ്ലോക്ക് നിർമ്മാണം | ഡി. 7/37768/DTE തീയ്യതി 30.10.2022 Rs.16.61 ലക്ഷം | 11465/2023-24 തീയ്യതി 24.11.2023 Rs.16.61 ലക്ഷം | ഇ.ഇ/പി.ബി/13/2023-24 തീയ്യതി 28.12.2023 | ഫൗണ്ടേഷന് വേണ്ടിയുള്ള പ്രവർത്തി പുരോഗമിക്കുന്നു |
| 8 | ഗവ.ടെക്നിക്കിൽ ഹൈ സ്കൂളിൽ പുതിയ ഡൈനിങ് ഹാൾ & കിച്ചൺ നിർമ്മാണം | ഡി 7/37767/22 DTE തീയ്യതി 30.10.2022 Rs.40 ലക്ഷം | 11463/2023-24 തീയ്യതി 24/11/2023 Rs.40 ലക്ഷം | ഇ.ഇ/പി.ബി/17/2023-24 തീയ്യതി 10/01/2024 | 19.01.2024 ന് കരാറുകാരനു സൈറ്റ് കൈമാറിയിട്ടുണ്ട് |